കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മാവേലിക്കര നഗരസഭ - 2018-19 വാർഷിക പദ്ധതി - എൽ.ഇ.ഡി. ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള പ്രോജക്റ്റ് ഒഴിവാക്കി തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണി എന്ന പ്രോജക്റ്റ് ഏറ്റെടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ) നമ്പർ.2399/2018/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം : 10/09/2018

---

പരാമർശം :- (1) മാവേലിക്കര നഗരസഭ സെക്രട്ടറിയുടെ 01.08.2018 തീയതിയിലെ പി.6269/16 നമ്പർ കത്ത്.

(2) ആലപ്പുഴ ജില്ലാ കളക്ടറുടെ 06.08.2018 തീയതിയിലെ 2895/2018/DPC/DPO/ALP നമ്പർ കത്ത്.

(3) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 13.08.2018-ൽ ചേർന്ന യോഗത്തിലെ തീരുമാനം നം.4.25

ഉത്തരവ്

മാവേലിക്കര നഗരസഭയുടെ 2018-19 വാർഷിക പദ്ധതിയിൽ എൽ.ഇ.ഡി. ലാമ്പുകൾ സ്ഥാപിക്കുന്നതിന് 8 ലക്ഷം രൂപ വകയിരുത്തി പദ്ധതി (പ്രോ.നം.121/19) തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്ക് പ്രോജക്റ്റ് ഏറ്റെടുത്തിരുന്നില്ല. തനത് ഫണ്ട് കുറവായതിനാൽ LED ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള പ്രോജക്റ്റ് ഒഴിവാക്കി തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണി എന്ന പ്രോജക്റ്റ് ഏറ്റെടുക്കാൻ അനുമതി നൽകണമെന്ന് പരാമർശം (1) ലെ കത്തിലൂടെ നഗരസഭ സെക്രട്ടറിയും, പരാമർശം (2) ലെ കത്തിലൂടെ ആലപ്പുഴ ജില്ലാ കളക്ടറും ആവശ്യപ്പെട്ടിരുന്നു.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 13.08.2018-ലെ യോഗം ടി വിഷയം പരിഗണിക്കുകയും, തനത് ഫണ്ട് ലഭ്യമല്ല എന്ന് മുനിസിപ്പൽ സെക്രട്ടറി സാക്ഷ്യപത്രം നൽകണമെന്ന നിബന്ധനയോടെ ടി പ്രോജക്റ്റിന് അനുമതി നൽകുവാൻ പരാമർശം(3) പ്രകാരം തീരുമാനിക്കുകയും ചെയ്തു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 13.08.2018-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം നമ്പർ 4.25-ന്റെ അടിസ്ഥാനത്തിൽ, തനത് ഫണ്ട് ലഭ്യമല്ല എന്ന് മുനിസിപ്പൽ സെക്രട്ടറി സാക്ഷ്യപത്രം

നൽകണമെന്ന നിബന്ധനയോടെ മാവേലിക്കര നഗരസഭയുടെ 2018-19 വാർഷിക പദ്ധതിയിൽ എൽ.ഇ.ഡി. ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് ഒഴിവാക്കി തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണി എന്ന പ്രോജക്ട് ഏറ്റെടുക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
സിന്ധു.എൽ.
സ്പെഷ്യൽ സെക്രട്ടറി

ജില്ലാ കളക്ടർ, ആലപ്പുഴ.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
സെക്രട്ടറി, മാവേലിക്കര നഗരസഭ.
സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, കേരള സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം.
തദ്ദേശസ്വയംഭരണ (ഡി.എ.) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : - തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ.